(എഫ്) സർക്കാരിന്റെ അനുമതിയോടുകൂടി 10 ഏക്കർ സ്ഥലം 'നിഷി'-നും 4 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി. 110 കെ.വി സബ്സ്റ്റേഷനും ടെക്നോപാർക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ മറ്റൊരു പദ്ധതിയായ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിന് 56 ഏക്കർ ഭൂമിയും, ഐ.ടി. മേഖലയെ കൂടുതൽ ആകർഷകമാക്കുന്നതിനായ സപ്പോർട്ട് സർവ്വീസ് എന്ന അടിസ്ഥാനത്തിൽ ടെക്നോപാർക്കിൽ ഒരു ബിസിനസ് ഹോട്ടൽ ആരംഭിക്കുന്നതിനായി ഒരു ഏക്കർ ഭൂമി നൽകുന്നതിനും ധാരണയായിട്ടുണ്ട്.

ഐ. ടി. വ്യവസായം

47 [501] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. കെ. സി. ജോസഫ്:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്നോപാർക്ക് ആരംഭിച്ചതെന്നാണ്;

(ബി) തെക്കെ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഐ.ടി. വ്യവസായത്തിന് പ്രാരംഭം കുറിച്ചത് കേരളത്തിലായിരുന്നോ;

(സി) സംസ്ഥാനത്ത് ഐ.ടി. വ്യവസായം ആശാവഹമായ തോതിൽ പുരോഗതി പ്രാപിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഡി) ഐ.ടി. വ്യവസായത്തിൽ എന്തു തുകയുടെ നിക്ഷേപം നാളിതുവരെ ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ടെക്നോപാർക്ക് ആരംഭിച്ചത് 1990 ജൂലൈ മാസം 28-ാം തീയതിയാണ്.

(ബി) അല്ല.

(സി) സംസ്ഥാനത്ത് ഐ.ടി. വ്യവസായം ആശാവഹമായ തോതിൽ പുരോഗതി പ്രാപിച്ചിട്ടുണ്ട്.

(ഡി) 4940 കോടി രൂപ.

വ്യവസായ പാർക്ക്

48 [502] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പഴയന്നൂർ പഞ്ചായത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വ്യവസായ പാർക്ക് ആരംഭിക്കുവാനുള്ള കാലതാമസത്തിന്റെ കാരണം എന്താണ്;

(സി) എത്രയുംവേഗം ഈ വ്യവസായ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പഴയന്നൂർ പഞ്ചായത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് റോഡ് ഇല്ലാത്തതിനാൽ വ്യവസായ പാർക്കിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്ഥലമുൾപ്പെടുന്ന നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയും ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ഒരു പോംവഴി കണ്ടെത്താൻ ശ്രമിച്ചുവരുന്നു.

(ബി) വ്യവസായ പാർക്കിലേയ്ക്ക് വഴി ഇല്ലാത്തതിനാലാണ് അടിസ്ഥാന സൗകര്യങ്ങൾ ചെയ്യുവാൻ കഴിയാത്തതും താമസം നേരിടുന്നതും.

(സി) വ്യവസായ പാർക്കിലേയ്ക്കുള്ള വഴിപ്രശ്നം പരിഹരിക്കുന്ന മുറയ്ക്ക് വ്യവസായ പാർക്കിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിക്കുവാൻ സിഡ്കോയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.

ബയോടെക്നോളജി പാർക്കുകൾ

49. [503] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബയോടെക്നോളജി പാർക്കുകൾ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പാർക്കുകൾ ആരംഭിക്കുന്നത് സ്വകാര്യമേഖലയിലാണോ സർക്കാർ മേഖലയിലാണോ;

(സി) ബയോടെക്നോളജി വ്യവസായ രംഗത്ത് കേരളത്തിന്റെ വിഭവശേഷി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഒരു പഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കൃഷി ഭക്ഷ്യ മേഖല, മരുന്നു നിർമ്മാണം എന്നീ മേഖലകളിൽ ഇത് എത്ര മാത്രം പ്രയോജനപ്പെടുമെന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തുമോ?

ഉത്തരം

(എ) കേരളത്തിൽ, കിൻഫ്രയുടെ ആഭിമുഖ്യത്തിൽ, കൊച്ചിയിലും തിരുവനന്തപുരത്തുമാണ് ബയോടെക്നോളജി പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly